പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5067 24.10.2011 - ൽ മറുപടിക്ക്

## നേഴ്സുമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി നഴ്സുമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ ; | എ) | ഇല്ല |
| ബി) | ഇല്ലെങ്കിൽ യഥാർത്ഥ ആവശ്യവും അനുവദിച്ച തസ്തികയിലുള്ളവരുടെ എണ്ണവും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്തുമോ; പുതുതായി എത്ര നഴ്സിംഗ് തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) | നിലവിലുള്ള നിയമമനുസരിച്ച് മൂന്ന് ഷിഫ്റ്റ് സമ്പ്രദായമുള്ള ആശുപത്രികളിൽ നഴ്സുമാരുടെയും രോഗികളു ടെയും അനുപാതം 1 : 4 എന്ന നിലയിലും ഷിഫ്റ്റ് സമ്പ്രദായം ഇല്ലാത്ത ആശുപത്രികളിൽ നേഴ്സ- മാരുടെയും രോഗികളുടെയും അനുപാതം 1 : 6 എന്ന നിലയിലു മാണ്. എന്നാൽ ഇപ്പോൾ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ ഒരു നഴ്സിന് ശരാശരി 30 മുതൽ 50 രോഗികളെ വരെ പരിചരിക്കേണ്ടി വരുന്നുണ്ട്. പുതുതായി തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| സി) | വിവിധ നഴ്സിംഗ് കോഴ്സുകൾ പാസ്സായി നിയമനം ലഭിക്കാതെ കഴിയുന്നവരുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ? | | ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ